പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 733 — 12.12.2012 ൽ മറുപടിയ്ക്ക്

## അവശ്യമരുന്നുകളുടെ വിലവർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് അവശ്യമരുന്നുകളുടെ വില വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ജീവൻരക്ഷാ മരുന്നുകൾക്കും, വേദന സംഹാരികൾക്കും മരുന്ന് നിർമ്മാണ ഏജൻസികൾ, ഒക്ടോബർ 14 മുതൽ 10-50% വരെ വില വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ജീവൻരക്ഷാ മരുന്നുകൾക്കും, വേദന സംഹാരികൾക്കും വില വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ വർഷവും പഴയ വിലയേക്കാളും 10% വില വർദ്ധനവ് വരുത്തുവാൻ മരുന്ന കമ്പനികൾക്ക് എൻ.പി.പി.എ യുടെ അനുവാദമുണ്ട്. |
| (സി)പ്രസ്തുത പ്രവണതയ്ക്ക് എതിരെ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) ജീവൻരക്ഷാ മരുന്നുകൾക്കും, വേദന സംഹാരികൾക്കും വില വർദ്ധിക്കുന്നതിനെ അടിസ്ഥാനമാക്കി വാർത്തകളുടെ അടിസ്ഥാനത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് അന്വേഷണം നടത്തുകയും 10% ൽ കൂടുതൽ വിലവർദ്ധനവ് വരുത്തിയിട്ടുള്ള ചുരുക്കം ചില മരുന്നുകളുടെ വിശദാംശങ്ങൾ അനന്തര നടപടികൾക്കായി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. |
| (ഡി)മരുന്നുകളുടെ വില ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (ഡി) മരുന്നുകളുടെ material cost (പ്രധാന ചേരുവകളുടെ വില), conversion cost, ഉപയോഗിക്കുന്ന packing materials ന്റെ ഗുണമേന്മ, packing charges, cost manufacturing expenses, excise duty മുതലായവയിൽ വരുന്ന വ്യത്യാസങ്ങളാണ് മരുന്നുകളുടെ വില വർദ്ധിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ. |
| (ഇ)പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കാതെ വീഴ്ച വരുത്തുന്ന മരുന്ന് കമ്പനികൾക്ക് എതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; | (ഇ) മരുന്ന നിർമ്മാണ ഏജൻസികൾ പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ഡ്രഗ്സ് ഇൻസ്പെക്ടർമാർ മരുന്ന നിർമ്മാണ ശാലകൾ പരിശോധിക്കുകയും |

| | |
|---|---|
| | മരുന്നുകളുടെ ന്യായവില ഉറപ്പു വരുത്തുകയും അധികവില ഈടാക്കുന്ന ഔഷധങ്ങളുടെ വിവരങ്ങൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് വഴി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നുണ്ട്. |
| (എഫ്)അവശ്യമരുന്നുകൾ കുറഞ്ഞ വിലക്ക് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (എഫ്) ഇടനിലക്കാരായ മൊത്തവ്യാപാരികളെ ഒഴിവാക്കി കമ്പനിയിൽ നിന്നും മരുന്നുകൾ നേരിട്ട് സംഭരിച്ച് ലേബലിൽ പ്രിന്റ് ചെയ്തിട്ടുള്ള പരമാവധി ചില്ലറ വിൽപ്പന വിലയിൽ നിശ്ചിത ശതമാനം കുറച്ച് വളരെ തുച്ഛമായ ലാഭത്തിൽ മരുന്നു വില്പന നടത്തുന്ന നീതി, മാവേലി, പോയിംങ് കൗണ്ടർ എന്നീ സ്ഥാപനങ്ങൾക്ക് മുൻഗണനാ ക്രമത്തിൽ ലൈസൻസുകൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് അനുവദിച്ചു വരുന്നു. ഇതുകൂടാതെ തിരുവനന്തപുരം ജില്ലയിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴിയും മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ